# കഷ്ടതകളിലും സന്തോഷത്തോടെ

### 1 ശമുവേൽ 17:45

**"നീ വാളും കുന്തവും വേലുമയി എന്റെ നേരെ വരുന്നു; ഞാനോ നീ നിന്ദിച്ചിട്ടുള്ള യിസ്രായേൽനിരകളുടെ ദൈവമായ സൈന്യങ്ങളുടെ യഹോവയുടെ നാമത്തിൽ നിന്റെ നേരെ വരുന്നു."**

ഇടയ ബാലനായ ദാവീദ് ഫെലിസ്ത്യമല്ലനായ ഗോല്യാത്തിന്റെ മുമ്പിൽ നിന്നു കൊണ്ട് അവനോട് ഉറക്കെ പ്ര്യാപിക്കുന്ന വാക്യമാണ് നാം മേൽ കണ്ടത്. ശൗലും യിസ്രായേൽ പടജ്ജനമൊക്കെയും ഗോല്യാത്തിന്റെ മുമ്പിൽ വിറച്ചു നിൽക്കുന്ന സന്ദർഭത്തിൽ തന്റെ കയ്യിലുണ്ടായിരുന്ന കവിണയും കല്ലുമായി അവന്റെ മുമ്പിൽ പോയി നേർക്കു നേർ നിന്ന് വെല്ലുവിളിക്കുവാൻ ദാവീദിനെ ബലപ്പെടുത്തിയത് മറ്റാരുമല്ല, അത് സൈന്യങ്ങളുടെ ദൈവമായ യഹോവയാണ്. തുടർന്നുണ്ടായ സംഭവമൊക്കെ നമുക്ക് മന:പാഠമാണല്ലോ. പ്രിയ ദൈവപൈതലെ നമ്മുടെ നേരെയുള്ള കൊടുങ്കാറ്റ് എത്ര വലിയതാണെന്ന് ദൈവത്തോട് നാം ഒരിക്കലും പറയരുത്; പകരം കൊടുങ്കാറ്റിനോട് നമ്മുടെ ദൈവം എത്ര വലിയവനാണെന്ന് പറയുക.

നമ്മുടെ ജീവിതമാകുന്ന പടകിന്നു നേരെ ചില സമയങ്ങളിൽ പ്രതികൂലമായ കാറ്റ് ഉണ്ടായെന്നു വരാം. എന്നാൽ ഒന്ന് ഓർക്കുക കാറ്റുകളും കോളുകളും നിത്യമായി നമ്മോട് അടുത്തു വരികയില്ല. ഇത്തരുണത്തിൽ പ്രതികൂലമായി നിൽക്കുന്ന കാലാവസ്ഥയെ അല്ല നാം നോക്കേണ്ടത്, മറിച്ച് ക്രിസ്തുയേശുവിൽ കൂടിയുള്ള സമാധാനത്തെ അന്വേഷിക്കയത്രേ നാം ചെയ്യേണ്ടിയത്. **സങ്കീർത്തനം 57** ദാവീദിന്റെ ഒരു പ്രാർത്ഥനയാണ്. അതിന്റെ ഒന്നാം വാക്യത്തിൽ താൻ ഇപ്രകാരം പ്രാർത്ഥിക്കുന്നു "ദൈവമേ, എന്നോടു കൃപയുണ്ടാകണമേ; എന്നോടു കൃപയുണ്ടാകണമേ; ഞാൻ ശരണം പ്രാപിക്കുന്നു; അതേ, ഈ ആപത്തുകൾ ഒഴിഞ്ഞു പോകുവോളം ഞാൻ നിന്റെ ചിറകിൻ നിഴലിൽ ശരണം പ്രാപിക്കുന്നു."

നാം ഒരു കാര്യം മറന്നു പോകരുത്, തിരകളില്ലാത്ത സമുദ്രങ്ങളില്ല എന്നാൽ ഇതേ സമുദ്രങ്ങൾ തന്നെ നിശ്ചലമായും നിശബ്ദമായും കഴിയുന്ന നിമിഷങ്ങളും ഉണ്ടാവുന്നു. പലപ്പോഴും നമ്മുടെ പ്രശ്നം എന്നത്, നമ്മിൽ ആഞ്ഞടിക്കുന്ന കൊടുങ്കാറ്റിനേയും പ്രതിസന്ധികളേയും ദൈവത്തേക്കാൾ വലിയതായി നോക്കിക്കാണുന്നു എന്നതാണ്. തിരമാലകൾ സമുദ്രത്തിന്റെ ഭാഗമാണെന്നും ഒരു ദൈവപൈതൽ എന്ന നിലക്ക് ദൈവം അറിയാതെ ഒരു കാറ്റും കോളും നമ്മുടെ ജീവിതമകുന്ന പടകിന്നു നേരെ ഉണ്ടാകയില്ല

എന്നും നാം തിരിച്ചറിയണം. ദൈവത്തിന്ന് ഓരോ തിരമാലകളിൽ കൂടി ഓരോ ജീവിത പാഠങ്ങൾ നമുക്ക് നൽകുവാനായിട്ടുണ്ട്. അത് നാം അംഗീകരിക്കുമ്പോഴാണ് കഷ്ടതകളിലും സന്തോഷത്തോടെ ദൈവത്തെ പാടി സ്തുതിക്കുവാൻ നമുക്ക് സാധിക്കുന്നത്.

പ്രിയരേ, ജീവിതത്തിൽ ആഞ്ഞടിക്കുന്ന തിരമാലകളെ ജീവിതത്തിന്റെ ഭാഗമായി കരുതി അതിനെ എതിർക്കുകയോ ഭയപ്പെടുകയോ ചെയ്യാതെ ദൈവത്തിന്റെ സാന്നിധ്യവും സഹായവും ഉറപ്പാക്കുകയാണ് നാം ചെയ്യേണ്ടത്. ദൈവത്തിന്റെ പരിശുദ്ധറൂഹാ നമ്മെ അതിന്നു സഹായിക്കുമാറാകട്ടെ. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

**പരാമർശം :**

സങ്കീർത്തനം 46:1

ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു; കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു

ബ്രദർ. ബിനു ബേബി ആലപ്പുഴ 159